**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **16-03-2022 - ൽ മറുപടിയ്ക്ക്**

**കേരള നോളജ് ഇക്കോണമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കേരള നോളജ് ഇക്കോണമി മിഷൻ പദ്ധതി മുഖേന ഇതുവരെ എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കേരള നോളജ് ഇക്കണോമി മിഷൻ പദ്ധതി മുഖേന ഇതുവരെ 2530 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 20 ലക്ഷം പേർക്ക്, വരുന്ന 5 വർഷത്തിനകം, വിജ്ഞാന തൊഴിലുകൾ നൽകുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് കേരള നോളജ് ഇക്കണോമി മിഷൻ. ഇതിന്റെ പൈലറ്റ് പ്രവർത്തനമെന്ന നിലയിൽ 2021 ഡിസംബർ 17 മുതൽ 2022 ജനുവരി 20 വരെയുള്ള കാലയളവിൽ കേരളത്തിലെ 14 ജില്ലകളിലും ഫിസിക്കൽ തൊഴിൽ മേളകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കരിയർ ബ്രേക്ക് വന്നിട്ടുള്ള വനിതകൾക്കായി 'ബാക് ടു കരിയർ' എന്ന പേരിൽ മൂന്ന് തൊഴിൽ മേളകളും നടത്തി. കൂടാതെ ജനുവരി 21 മുതൽ 31 വരെ 106 കമ്പനികളെ പങ്കെടുപ്പിച്ച് വെർചൽ തൊഴിൽമേളയും നോളജ് ഇക്കണോമി മിഷന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോം ആയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) വഴി നടത്തുകയുണ്ടായി. ഈ തൊഴിൽ മേളകളിലെല്ലാമായി ആദ്യഘട്ട ഇന്റർവ്യൂവിന്റെ ഭാഗമായി ഇതുവരെ 2530 പേർക്ക് ഓഫർ ലെറ്റർ നൽകിയിട്ടുമുണ്ട്. ബാക്കിയുള്ളവരുടെ വിവിധ ഘട്ടങ്ങളിലുള്ള ഇന്റർവ്യൂ പ്രക്രിയ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ